**പ്രസിദ്ധീകരണത്തിന്-മലപ്പുറം**
**07-03-2024**
**നോർക്ക റൂട്ട്സ്**
**—------------------**

**നോർക്ക സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ മലപ്പുറം ജില്ലാക്യാമ്പ് മാർച്ച് 11ന് :ഇപ്പോൾ രജിസ്റ്റർ ചെയ്യാം.**

നോർക്ക റൂട്ട്സ് കോഴിക്കോട് മേഖലാഓഫീസിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷനായി മാർച്ച് 11ന് മലപ്പുറം ജില്ലാക്യാമ്പ് സംഘടിപ്പിക്കുന്നു. തിരൂർ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ നടക്കുന്ന ക്യാമ്പിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് അവസരം ലഭിക്കുക. ഇതിനായി നോർക്ക റൂട്ട്സിൻറെ ഔദ്യോഗിക വെബ്സൈറ്റായ www.norkaroots.org ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിൻറ് ഔട്ട്, പാസ്പോർട്ട്, സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകളുടെ (ഇംപ്രൂവ്മെന്റ്, സപ്ലി ഉൾപ്പെടെ) അസ്സലും പകർപ്പുകളും അറ്റസ്റ്റേഷനായി ഹാജരാക്കണം. മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി അസ്സൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. അപേക്ഷകനു പകരം ഒരേ അഡ്രസ്സിലുള്ള നോമിനിക്ക് ഫോട്ടോ ഐഡി പ്രൂഫുമായി ഹാജരാകാം. ക്രഡിറ്റ്, ഡെബിറ്റ് കാർഡുകൾ/ഇ -പെയ്മെന്റ്, യു.പി.ഐ അധിഷ്ഠിത മൊബൈൽ ആപ്പുകൾ മുഖേന മാത്രമേ ഫീസ് ഒടുക്കാൻ കഴിയൂ. വ്യക്തിവിവര സർട്ടിഫിക്കറ്റുകളുടെ (Personal Documents) അറ്റസ്റ്റേഷനായുള്ള അപേക്ഷയും ക്യാംമ്പിൽ സ്വീകരിക്കും.ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ നോർക്ക റൂട്ട്സിൻറെ കോഴിക്കോട് സെന്ററിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ല.

വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര-കേരള സർക്കാറുകൾ അധികാരപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഏക സ്ഥാപനമാണ് നോർക്ക റൂട്ട്സ്. വ്യക്തിവിവര സർട്ടിഫിക്കറ്റുകളുടെ ഹോം അറ്റസ്റ്റേഷൻ, എം.ഇ.എ, അപ്പോസ്റ്റിൽ, വിവിധ എംബസികളുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ നോർക്ക റൂട്ട്സ് വഴി ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0483-2732922, +91-8281004910, 0495-2304882/2304885 +91-8281004911 എന്നീ നമ്പറുകളിലോ (ഓഫീസ് സമയത്ത്, പ്രവൃത്തിദിനങ്ങളിൽ) 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളിലോ 18004253939 ഇന്ത്യയിൽ നിന്നും +91 8802012345 വിദേശത്തു നിന്നും (മിസ്ഡ് കോൾ സൗകര്യം) ബന്ധപ്പെടാവുന്നതാണ്.

**—-----------------**

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ളിക് റിലേഷൻസ് ഓഫീസർ**
**നോർക്ക റൂട്ട്സ്-തിരുവനന്തപുരം**